# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3643

11/12/2018-ൽ മറുപടിയ്ക്ക്

## അഡീഷണൽ ഡയറക്ടർ ഓഫ് കോളേജിയറ്റ് എഡ്യൂക്കേഷൻ നിയമനം

**ചോദ്യം** **മറുപടി**

ശ്രീ.പി.ടി.തോമസ് :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ ഡയറക്ടർ ഓഫ് കോളേജിയറ്റ് എഡ്യൂക്കേഷൻ തസ്തിക എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കാമോ; ഈ തസ്തികയിലേയ്ക്ക് നിലവിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | കോളേജ് വിദ്യാഭ്യാസ ഡയറക്ടേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ തസ്തിക 1.4.2017 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. 10.12.2010 - ലെ സ.ഉ(പി) 392/2010/ഉ.വി.വ പ്രകാരം യു.ജി.സി മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നിരുന്നാലും യു.ജി.സി യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർമാരെ പ്രിൻസിപ്പാൾമാരായി പ്രൊമോഷൻ നല്കുകയുണ്ടായി. എന്നാൽ 23.02.2016 - ൽ ബഹു.കേരള ഹൈക്കോടതി ഫുൾബഞ്ച് യു.ജി.സി യോഗ്യതയില്ലാതെ നടത്തിയ നിയമനങ്ങളും പ്രൊമോഷനും പുന:പരിശോധിക്കാൻ ഉത്തരവായിരുന്നു.യു.ജി.സി യോഗ്യത ഇല്ലാതെ മേൽ വിവരിച്ച പ്രകാരം പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരംതാഴ്ത്താതിരിക്കാൻ 23.02.2016 മുതൽ യു.ജി.സി റഗുലേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെ തുടർന്ന് സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുകയുണ്ടായി.ബഹു.സുപ്രീം കോടതിയുടെ SLP 18938 നമ്പർ കേസിൽ 17.07.2018 - ലെ വിധിന്യായത്തിൽ യു.ജി.സി യോഗ്യതയില്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാർക്ക് തുടർന്നുള്ള പ്രൊമോഷൻ നല്കുന്ന വിഷയം പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ |
| (ബി) | ഈ തസ്തികയിലേയ്ക്ക് എത്രയും വേഗം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | തീരുമാനം ആകുന്ന മുറയ്ക്ക് അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നല്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (സി) | സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വൈസ് പ്രിൻസിപ്പലിനെ നിയമിക്കുന്നതാരാണ്; വിശദമാക്കാമോ; | (സി) & (ഡി) | സർക്കാർ കോളേജുകളിൽ വൈസ് പ്രിൻസിപ്പാളിനെ നിയമിക്കുന്നത്, അതാത് കോളേജിലെ നിലവിലെ അദ്ധ്യാപകരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും, കോളേജ് കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് .ഇപ്രകാരം നിമയനം നടത്തിയശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും, ആയത് പരിശോധിച്ച് നിയമാനുസൃതമായാണ് നിയമനം നടത്തിയത് എങ്കിൽ ആയതിന് ഡയറക്ടർ സാധൂകരണവും നൽകുന്നു. ഗവണ്മെന്റ് കോളേജുകളിലെ വൈസ് പ്രിൻസിപ്പൽമാർക്ക് പി.എച്ച്.ഡി നിർബന്ധിതമാക്കിയ ഉത്തരവുകളോ, നിർദ്ദേശങ്ങളോ ഇല്ല. മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരമാണ് വൈസ് പ്രിൻസിപ്പാൾ നിയമനം നടത്തുന്നത്. സർവ്വകലാശാല ചട്ടം അനുസരിച്ച് സ്വയംഭരണ കോളേജുകൾ ഉൾപ്പെടെയുള്ള എയ്ഡഡ് കോളേജുകളിൽ വൈസ് പ്രിൻസിപ്പൽ തസ്തിക നിലവിലില്ല. എന്നാൽ ചില കോളേജുകളിൽ ആഭ്യന്തര നടപടി എന്ന നിലയിൽ വൈസ് പ്രിൻസിപ്പലിനെ തീരുമാനിക്കാറുണ്ട്. |
| (ഡി) | ഗവണ്മെന്റ് കോളേജുകളിലെ വൈസ് പ്രിൻസിപ്പൽമാർക്ക് പി.എച്ച്.ഡി. നിർബന്ധമാക്കിയിട്ടുണ്ടോ; വൈസ് പ്രിൻസിപ്പൽ നിയമനത്തിന്റെ മാർഗ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**